പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1882

14.07.2011-ൽ
മറുപടിക്ക്

**കയർ മേഖലയിൽ നിന്നും തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ് | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് തൊണ്ട് സംഭരണത്തിനായി രൂപീകരിച്ച കൺസോർഷ്യത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) വിലയിരുത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ വിശദാംശം നൽകുമോ; | (ബി) നാളിതുവരെ രൂപീകരിക്കപ്പെട്ട 36 തൊണ്ട് സംഭരണ കൺസോർഷ്യങ്ങളിലൂടെയും, കയർഫെഡ് മുഖാന്തിരം നടപ്പിലാക്കുന്ന തൊണ്ട് സംഭരണ പദ്ധതിയിലൂടെയും 303.42 ലക്ഷം തൊണ്ട് 30/06/2011 വരെ സംഭരിച്ചിട്ടുണ്ട്. കയർ വികസന ഡയറക്ടർ വിളിച്ചു ചേർക്കുന്ന പ്രോജക്ട് ആഫീസർമാരുടെ പദ്ധതി അവലോകന യോഗത്തിൽ തൊണ്ട് സംഭരണ പദ്ധതി അവലോകനം നടത്തി വരുന്നു. 2009-10 വർഷം മുതൽ നടപ്പിലാക്കി വരുന്ന തൊണ്ട് സംഭരണ പദ്ധതി പ്രകാരം ആരംഭിച്ച തൊണ്ട് സംഭരണ കൺസോർഷ്യങ്ങളുടെ പ്രവർത്തനം കയർ കമ്മീഷൻ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കുന്നതിന് പ്രായോഗിക തലത്തിൽ കഴിഞ്ഞിട്ടില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ തൊണ്ട് സംഭരണത്തിനുള്ള ചുമതല കയർ സഹകരണ സംഘങ്ങളെ കൂടി ഫലപ്രദമായി ഏല്പിക്കുന്നതിനുള്ള ശുപാർശ പരിഗണനയിലാണ്. സഹകരണ സംഘങ്ങൾക്ക് കയർ വകുപ്പ് സൗജന്യമായി നൽകി വരുന്ന ചെറിയ തരത്തിലുള്ള ഡീഫൈബറിംഗ് മെഷീനുകൾ പരമാവധി |

| | |
|---|---|
| | സംഘങ്ങൾക്ക് ഇപ്പോൾ തന്നെ നൽകിയിട്ടുണ്ട്. ഇത്തരം സംഘങ്ങൾക്കും വലിയ തോതിലുള്ള ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങൾക്കും ആവശ്യമുള്ള തൊണ്ട് സംഭരിക്കുന്നതിനുള്ള ചുമതല നൽകി സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പരമാവധി തൊണ്ട് ഇപ്രകാരം സംഭരിച്ച് ചകിരി ഉല്പാദിപ്പിക്കുന്നതിനും ഉദ്ദേശിച്ച് തൊണ്ട് സംഭരണ പദ്ധതിയിൽ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) കയർ മേഖലയിൽ നിന്നും തൊഴിലാളികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ